9 -ാം വർഷം
2026
സെപ്റ്റംബർ 06, 2026
ഏലിയാ രണ്ടാം ഞായർ



Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS



# പ്രവാചകന്റെ കനൽവഴികൾ

നിയ 18:14-22, പ്രഭാ 48:1-11, ഹെബ്രാ 11:23-29, മത്താ 17:9-13

ചിന്തോദ്ദീപകമായ ഒരു സന്ദർഭമാണ് ഇന്നത്തെ സുവിശേഷം അവതരിപ്പിക്കുന്നത്. യേശുവും ശിഷ്യന്മാരും താബോർ മലയിൽ നിന്നിറങ്ങി വരുന്നതാണ് സന്ദർഭം. ഏലിയായെയും മോശയെയും മലമുകളിൽ വച്ചു കണ്ട ശേഷം ഇറങ്ങി വരുമ്പോഴാണ് ശിഷ്യന്മാരുടെ ചോദ്യം – ആദ്യം ഏലിയാ വരണം എന്ന് നിയമജ്ഞർ പറയുന്നത് എന്തു കൊണ്ട്? അവർ ഉദ്ദേശിച്ചത് മൺമറഞ്ഞു പോയ പഴയ നിയമത്തിലെ ഏലിയായെയാണ്. അതേ ഏലിയായെ മലമുകളിൽ മുഖാമുഖം കണ്ട ഓർമയോടെ യാവണം അവർ അത് ചോദിച്ചത്. എന്നാൽ യേശുവിന്റെ മറുപടിയിലെ ഏലിയാ സ്നാപക യോഹന്നാനാണ്, പഴയ നിയമത്തിലെ ഏലിയാ അല്ല. ഇക്കാര്യം മത്തായി വ്യക്തമായി എഴുതി വയ്ക്കുകയും ചെയ്യുന്നുണ്ട്.

ഭൂതകാലത്തിലാണ് ശിഷ്യന്മാരുടെ മനസ്സ്. എന്നാൽ യേശു മറുപടി നൽകുന്നത് വർത്തമാനകാലത്തിലാണ്. പഴയതിലാണ് ശിഷ്യന്മാരുടെ ശ്രദ്ധ. യേശുവിന്റേത് പുതിയതിലും. കഴിഞ്ഞ കാലത്തിന്റേതായ ഒരാൾ വിസ്മയകരമായ ഒരു മായാരൂപം പോലെ പ്രത്യക്ഷനായതിൽ കുടുങ്ങി കിടക്കുകയാണ് ശിഷ്യന്മാർ. എന്നാൽ യേശു ചൂണ്ടി കാണിക്കുന്നത് മജ്ജയും മാംസവുമുണ്ടായിരുന്ന യാഥാർത്ഥ്യത്തിലേക്കാണ്. അവർക്കൊപ്പം ജീവിച്ചിരുന്ന, സമീപകാലത്ത് സത്യത്തിനും നീതിക്കും വേണ്ടി നിലകൊണ്ടതിന്റെ പേരിൽ കൊല്ലപ്പെട്ട യോഹന്നാൻ എന്ന യാഥാർത്ഥ്യത്തിലേക്കാണ്. മനസ്സുകളെ യാഥാർത്ഥ്യത്തിന്റെ താഴ്വരയിലേക്ക് ഇറക്കുകയാണ് ക്രിസ്തു ചെയ്യുന്നത്. യാഥാർത്ഥ്യം മലമുകളിലെ അതീന്ദ്രിയ കാഴ്ചകളിലല്ല, ഇവിടെ ഈ മണ്ണിൽ. സഹനങ്ങളും മരണങ്ങളും നിണഗന്ധവുമുള്ള ഈ പൂഴിയിൽ! മുൻപ് പത്രോസിന്റെ വക ഒരു ഒളിച്ചോട്ടം കഴിഞ്ഞതാണ്. മൂന്ന് കൂടാരങ്ങൾ മലമുകളിൽ നിർമിച്ച് ശിഷ്ടകാലം സുഖകരമാക്കാനുള്ള



അഭിലാഷ് ഫ്രേസർ

അയാളുടെ മോഹം പക്ഷേ, ക്രിസ്തുവിന് സ്വീകാര്യമായിരുന്നില്ല. ക്രൈസ്തവ ജീവിതം ദർശനങ്ങളുടെയും ആത്മീയാനുഭൂതികളുടെയും സുഖ സുഷുപ്തിയിൽ കുടുങ്ങി കിടക്കാനുള്ളതല്ല. അത് താഴ്വരയിലെ കർമകാണ്ഡമാണ്.

അസ്സീസിയുടെ വിശുദ്ധന്റെ പേരിലുള്ള ഒരു കഥ കേട്ടിട്ടുണ്ട്. ഒരിക്കൽ ഫ്രാൻസിസിന്റെ ആശ്രമത്തിലെ ഒരു വിശുദ്ധനായ സന്ന്യാസി മരണമടഞ്ഞു. മരണത്തിന് പിന്നാലെ അദ്ദേഹത്തിന്റെ കല്ലറയിൽ അത്ഭുതങ്ങൾ പെരുകാൻ ആരംഭിച്ചു. എന്നും ജനക്കൂട്ടം. ദിനം തോറും പെരുകി വരുന്ന ജനക്കൂട്ടവും സന്ദർശകരും അവരുടെ ബഹളവും. ആശ്രമജീവിതം അസ്വസ്ഥമാകുന്നുവെന്ന് ഫ്രാൻസിസിന് തോന്നി. കർമകാണ്ഡങ്ങൾക്ക് വിള്ളൽ വീഴ്ത്തിയ അത്ഭുതങ്ങളെ ഫ്രാൻസിസ് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്ന ആ വിശുദ്ധ സന്ന്യാസിയോട് അത്ഭുതങ്ങൾ നിർത്താൻ ആജ്ഞാപിച്ചു എന്നാണ് കഥ. ഗുരുസ്ഥാനീയനായ ഫ്രാൻസിസിന്റെ ആജ്ഞ കേട്ട് സന്ന്യാസി അത്ഭുതവർഷം അവസാനിപ്പിച്ചു. ഇനി ഒന്നും ലഭിക്കാനില്ലെന്ന് മനസ്സിലായതോടെ ജനക്കൂട്ടം പതുക്കെ അപ്രത്യക്ഷമായി. ആശ്രമത്തിൽ പഴയ ശാന്തി തിരികെ വന്നു. ഫ്രാൻസിസും കൂട്ടരും ആൾക്കൂട്ടത്തിന്റെ ശല്യമില്ലാതെ, സ്വച്ഛമായി തങ്ങളുടെ ദൗത്യത്തിൽ മുഴുകി.

അപ്പോസ്തലന്മാരുടെ ശ്രദ്ധ ഏലിയ എന്ന പേരിലേക്കും രൂപത്തിലേക്കും തിരിയുമ്പോൾ ക്രിസ്തു അവരുടെ ശ്രദ്ധ തിരിക്കുന്നത് ഏലിയായുടെ ചൈതന്യത്തിലേക്കാണ്. യോഹന്നാൻ ഏലിയായുടെ പുനർജന്മം ആയിരുന്നില്ല. അയാളുടെ പേരിലും ഏലിയാ ഇല്ല. എന്നിട്ടും ക്രിസ്തുവിന് യോഹന്നാൻ ഏലിയാ ആയത് അയാളുടെ ചൈതന്യം ഏലിയായുടേതിന് തുല്യമായതു കൊണ്ടാണ്. ദൂതൻ യോഹന്നാനെ കുറിച്ച് പുരോഹിതനായ സഖറിയായോട് പറയുന്ന വാക്കുകളിൽ ഏലിയായുടെ ചൈതന്യത്തെ കുറിച്ച് പരാമർശമുണ്ട്. 'സജ്ജീകൃതമായ ഒരു ജനത്തെ കർത്താവിനു വേണ്ടി ഒരുക്കാൻ ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടും കൂടെ അവൻ കർത്താവിന് മുമ്പേ പോകും' (ലൂക്ക 1.17). അപ്പോൾ ചൈതന്യമാണ് പ്രധാനം. പേരോ രൂപമോ പൈതൃകമോ അല്ല.

ക്രിസ്ത്യാനി ആയിരിക്കാൻ ക്രിസ്തീയ നാമം നിർബന്ധമില്ല. ക്രൈസ്തവമായ ബാഹ്യ അടയാളങ്ങളും പൈതൃകവും നിർബന്ധമില്ല. ഏറ്റവും സത്യസന്ധമായ ക്രിസ്തീയ ജീവിതം ജീവിക്കുന്നവർ ഒരു പക്ഷേ, ഏറ്റവും അപ്രതീക്ഷിതമായ ഇടങ്ങളിൽ ആയിരിക്കാം. ഒരു വഴിയോരക്കച്ചവടക്കാരനിലോ, ഒരു ഓട്ടോ ഡ്രൈവറിലോ ഒരു ഇറച്ചിവെട്ടുകാരനിലോ ദസ്തയേവ്സ്കിയെ പോലെ ഒരു ചൂതാട്ടക്കാരനിലോ ക്രിസ്തു ചൈതന്യം കണ്ടേക്കാം. ക്രിസ്തുമതം ഇനിയും എത്തിച്ചേർന്നിട്ടില്ലാത്ത ഇടങ്ങളിൽ പോലും ക്രിസ്തുചൈതന്യം കണ്ടേക്കാം. ക്രിസ്തീയ പേരുകളുള്ളവരും എന്നാൽ ആർദ്രത വരണ്ടു പോയവരുമായ ബ്രിട്ടീഷ് ഓഫീസർമാർക്കിടയിൽ ക്രിസ്തുവിനെ തിരഞ്ഞു മടുത്ത ഗാന്ധിജി ഒരു പക്ഷേ കാണാതെ പോയത് താനറിയാതെ സ്വന്തം അകതാരിൽ കയറിക്കൂടിയ ക്രിസ്തു ചൈതന്യമായിരിക്കാം.

'ഏലിയാ അഗ്നി പോലെ പ്രത്യക്ഷപ്പെട്ടു' എന്നാണ് മറ്റൊരു വായനയായ പ്രഭാഷകന്റെ 48 ാം അധ്യായം പറയുന്നത്. സോഷ്യൽ മീഡിയയിൽ തീയുടെ ഇമോജി ഇടുന്നവർ ഭൂരിപക്ഷം പേരും ഓർക്കാറില്ല, അത് സ്വയം എരിയലിന്റെ കൂടി അടയാളമാണെന്ന്. അപരന്റേതായതെല്ലാം തീയിട്ടു നശിപ്പിക്കാൻ ആശിക്കുന്നവരുടെ കാലത്തിൽ, ഏലിയായുടെ ചൈതന്യം ആഗ്നേയമാകുന്നത് ആത്മപീഡനങ്ങളുടെ വഴി കൂടി അതിൽ ഉൾച്ചേരുന്നതു കൊണ്ടാണ്. ജെസബെലിന്റെ കോപത്തിൽ നിന്നുള്ള നിരന്തര പലായനങ്ങൾ അയാളെ മരണവേദനയോളം തീവ്രമായ എരിതീയിൽ കൊണ്ടെത്തിച്ചിരുന്നു എന്നും ഓർക്കണം. ക്രിസ്തുവിന്റെ തിരുഹൃദയത്തിൽ എരിയുന്ന തീ അപരനെ ചുട്ടു കളയുന്ന കോപാഗ്നിയല്ല, സ്വയം എരിഞ്ഞു വിളക്കായ് വെട്ടം പകരുന്ന സ്നേഹാഗ്നിയാണ്. പ്രവാചകൻ ഒരേ സമയം ദൈവത്തിന് വേണ്ടി ജ്വലിക്കുന്നവനും സ്വയം എരിയുന്നവനുമാണ്. ജെറമിയാ അത് അനുഭവിക്കുന്നത് വ്യക്തമായി പറഞ്ഞു തരുന്നുണ്ട്. ഇരിക്കാനോ കിടക്കാനോ ആവാത്ത വിധം ദഹിപ്പിക്കുന്ന തീ! ഉള്ളിൽ സ്നേഹവിരുദ്ധവും ദൈവവിരുദ്ധവും ആയതെല്ലാം ദഹിച്ചു പോകും വരെ എരിഞ്ഞു കത്തുന്ന അഗ്നി!

ഏറ്റവും ക്രൂരമായ കാലത്തിൽ പ്രവാചകനായിരിക്കുക എന്നത് ഏറ്റവും പ്രയാസകരമായ കാര്യമാണ്. എരിതീയിൽ നിന്ന് നൃത്തമാടും പോലെ ദുഷ്കരം. എങ്കിലും ഏലിയായുടെ ചരിതം പറയുന്നത് അഗ്നിവഴികളിൽ ആകാശത്തിൽ നിന്ന് സ്വർണത്തേരിറങ്ങി വന്നതിന്റെ കഥയാണ്. കൊടുങ്കാറ്റും ഭൂകമ്പവും അലറുന്ന കാലത്തിൽ അയാൾക്ക് ഇളംകാറ്റു പോലുള്ള മന്ത്രമധുര സ്വരം കേൾക്കാൻ ഒരു കാതുണ്ടായിരുന്നു എന്ന ആശ്വാസകരമായ സത്യം കൂടിയാണ്. ആ ഉൾക്കാതുകളായിരുന്നു, അയാളുടെ ബലം. അതാണ് യഥാർത്ഥ പ്രവാചകന്റെ ബലം. ഉള്ളിന്റെ ഉള്ളിലെ മധുമന്ത്ര സംഗീതം. കനൽവഴികൾ താണ്ടാൻ ഉൾക്കരുത്തേകുന്ന ആദി വചനത്തിന്റെ ചൈതന്യം!

*(ഇംഗ്ലീഷ്, മലയാളം കവിയും നോവലിസ്റ്റും ആണ് ലേഖകൻ)*

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com